**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4741** **11-08-2021 - ൽ മറുപടിയ്ക്ക്**

**കെ-റെയിൽ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ഒ എസ് അംബിക | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാനത്തെ അതിവേഗ റെയിൽ പദ്ധതിയായ കെ-റെയിലിന്റെ അന്തിമ അലൈൻമെന്റ് നിർണ്ണയിക്കപ്പെട്ടിട്ടുണ്ടോ; കെ-റെയിൽ പദ്ധതിയുടെ പേരിൽ ബോധപൂർവ്വം സൃഷ്ടിക്കപ്പെടുന്ന അനാവശ്യ ആശങ്ക പരിഹരിക്കുന്നതിനുള്ള പ്രചരണ മാർഗ്ഗങ്ങൾ ആലോചിക്കുന്നുണ്ടോ; വ്യക്തമാക്കുമോ? | (എ) | സംസ്ഥാനത്തെ അതിവേഗ റെയിൽ പദ്ധതിയായ കെ-റെയിലിന്റെ അലൈൻമെൻറ് വിശദ പദ്ധതി റിപ്പോർട്ടിനോടൊപ്പം സർക്കാരിന് ലഭിച്ചിരുന്നു. ഈ അലൈൻമെൻറും വിശദ പഠന റിപ്പോർട്ടും സംസ്ഥാന മന്ത്രിസഭ അംഗീകരിക്കുകയും ഭരണ വകുപ്പിന്റെ ഉത്തരവോടു കൂടി പ്രസ്തുത രൂപരേഖ റെയിൽ മന്ത്രാലയത്തിന്റെ അനുമതിക്കായി സമർപ്പിക്കുകയും ചെയ്തു. കെ-റെയിൽ പദ്ധതിയെക്കുറിച്ച് ആശങ്കകളും സംശയങ്ങളും പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരികയാണ്. ഇതുമായി ബന്ധപ്പെട്ട് എല്ലാ സംശയങ്ങളും ദൂരീകരിക്കുന്നതിന് സർക്കാരും കെ-റെയിലും സന്നദ്ധരാണ്. 2013 ലെ ആർ.എഫ്.സി.റ്റി.എൽ.എ.ആർ.ആർ (Right to Fair Compensation and Transparency in Land Acquisition, Rehabilitation and Resettlement Act) ആക്ട് അനുസരിച്ചുള്ള പബ്ലിക്ക് ഹിയറിങ്ങും എസ്.ഐ.എ അടക്കമുള്ള എല്ലാ നടപടിക്രമങ്ങളും കേന്ദ്ര അനുമതി ലഭിക്കുന്ന മുറക്ക് നടത്തുന്നതാണ്. ഇതുകൂടാതെ വിവിധ സാമൂഹിക സാംസ്കാരിക സംഘടനകൾ നടത്തുന്ന സെമിനാറുകളിലും മീറ്റിംഗുകളിലും പ്രസ്തുത വിഷയം അവതരിപ്പിക്കുകയും ജനങ്ങളുടെ ആശങ്കകൾ പരിഹരിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുന്നുമുണ്ട്. |

സെക്ഷൻ ഓഫീസർ